കഴിഞ്ഞ രണ്ടു വർഷങ്ങളായി ടീബി മീറ്റിന്റെ ഒരു പ്രധാന ആകർഷണമാണ് ഫ്രെയിം ഫിയെസ്റ്റ എന്ന സെഗ്മെന്റ്. തിരുവനന്തപുരം മീറ്റിൽ ഈ സെഗ്മെന്റിൽ ഉണ്ടായിരുന്നത് മൂന്ന് ചിത്രങ്ങളാണ്. മൂന്നാമത്തെ ചിത്രം പങ്കെടുത്ത എല്ലാവരുടെയും ഓർമ്മയിൽ ഉണ്ടാകുമല്ലോ? നമ്മുടെ മുൻകാലദളമായ അനുശീലൻ അണിയിച്ചൊരുക്കിയ തിരോധാനം. കെട്ടിലും മട്ടിലും ഒരു ക്ലാസിക് സിനിമയെ ഓർമിപ്പിക്കും വിധം തയ്യാറാക്കിയ തിരോധാനം സ്വപ്നരാജിന്റെ ഒരു കഥയെ അടിസ്ഥാനമാക്കിയാണ് തയ്യാറാക്കിയത്. മുൻപ് പല ടീബി മീറ്റിലും നൃത്ത പരിപാടികളിലൂടെ കാണികളെ ഏറെ ആകർഷിച്ചിട്ടുള്ള ഒരു നർത്തകിയാണ് ഇതിലെ നായിക കഥാപാത്രത്തിന് ജീവൻ നൽകിയത്. ഇതിലെ അഭിനയത്തിന് മികച്ച രണ്ടാമത്തെ നടിക്കുള്ള അവാർഡ് കരസ്ഥമാക്കിയ ഈ നർത്തകിയാണ് ഈയാഴ്ചത്തെ നമ്മുടെ ദളം.

ദിവ്യ അമിത്
സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ
വൈറ്റില ശാഖ.

തിരുവനന്തപുരം പാൽക്കുളങ്ങരയിൽ എൽ ഐ സിയിൽ നിന്നും റിട്ടയർ ചെയ്ത രഞ്ജിത്തിന്റെയും വീട്ടമ്മയായ വിജയലക്ഷ്മിയുടെയും രണ്ട് മക്കളിൽ മൂത്തയാൾ. അനുജൻ വിഷ്ണു തിരുവനന്തപുരം ടെക്നോപാർക്കിൽ എച്ച് ആർ കൺസൾട്ടന്റായി ജോലി നോക്കുന്നു.

തിരുവനന്തപുരം ഹോളി ഏഞ്ചൽസ് സ്കൂളിലായിരുന്നു ദിവ്യയുടെ പത്താം ക്ലാസ് വരെയുള്ള പഠനം. പ്ലസ് ടു ഭാരതീയ വിദ്യാഭവനിൽ, തുടർന്ന് കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷിൽ തിരുവനന്തപുരം ആൾസെയിന്റ്സ് കോളേജിൽ നിന്നും ബിരുദം, തിരുവനന്തപുരത്ത് തന്നെ ലയോള കോളേജിൽ നിന്നും പേഴ്സണൽ മാനേജ്മെന്റിൽ ബിരുദാനന്തര ബിരുദം.

പഠനം പൂർത്തിയായ കാലത്താണ് ദിവ്യ വിവാഹിതയാകുന്നത്. ഭർത്താവ് അമിത് കോയമ്പത്തൂർ ഓഫീസ് ഉള്ള ഒരു വിദേശ സ്ഥാപനത്തിൽ മെഡിക്കൽ ട്രാൻസ്ക്രിപ്ഷനിസ്റ്റായി ജോലി നോക്കുന്നു. വിവാഹാനന്തരം ദിവ്യയും കോയമ്പത്തൂരിലേക്ക് പറിച്ചു നടപ്പെട്ടു.

2012 ൽ ദിവ്യ എറണാകുളത്ത് വന്ന് സ്ഥിരതാമസമാക്കി. 2013 ലാണ് ബാങ്കിന്റെ മത്സര പരീക്ഷയിലൂടെ ദിവ്യ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിലെ ജീവനക്കാരി ആകുന്നത്. ഇൻഫോ പാർക്കിനടുത്തുള്ള സ്പെഷ്യൽ എക്കണോമിക്സ് സോണിലെ ശാഖയിലായിരുന്നു ആദ്യ നിയമനം. പിന്നീട് അവിടെ നിന്നും റീജിയണൽ ഓഫീസിലേക്ക്, അതിനുശേഷം തൃപ്പൂണിത്തുറ പേട്ട ബ്രാഞ്ചിലേക്ക് തുടർന്ന് ഇപ്പോൾ ജോലി ചെയ്യുന്ന കൊച്ചി വൈറ്റില ശാഖയിലേക്ക്.

2021ൽ ടിബിയിലെ മുൻകാല ദളമായിരുന്ന വീണാ വിപിന്റെ ഒരു ഗാനത്തിന് സിറ്റിംഗ് കൊറിയോഗ്രാഫി ചെയ്തു കൊണ്ടാണ് ദിവ്യ ടീബിയിലേക്ക് തന്റെ രംഗപ്രവേശം കുറിച്ചത്. ടീബിയിൽ പോസ്റ്റ് ചെയ്യപ്പെടുന്ന ഓരോ പോസ്റ്റിനും ലഭിക്കുന്ന നിറഞ്ഞ പ്രോത്സാഹനങ്ങൾ ദിവ്യയെ ടീബിയോട് കൂടുതൽ അടുപ്പിച്ചു.

2022 കൊല്ലത്ത് നടന്ന ടീബി മീറ്റിൽ അശ്വതി, ഗീത ബി തുടങ്ങിയ ടീബിയുടെ പ്രിയ താരങ്ങൾക്കൊപ്പം ഒരു സംഘനൃത്തം അവതരിപ്പിച്ചു കൊണ്ട് ദിവ്യ ടീബിയിലെ ഒരു താരമായി അറിയപ്പെട്ടു തുടങ്ങി.തുടർന്ന് നടന്ന എല്ലാ ടീബി മീറ്റുകളിലും ദിവ്യ തന്റെ സാന്നിധ്യം ഉറപ്പാക്കുകയായിരുന്നു. സ്ഥിരമായി സംഘനൃത്തങ്ങളിലൂടെയാണ് ദിവ്യ ടീബി യിൽ തിളങ്ങുന്നതെങ്കിലും തിരുവനന്തപുരം മീറ്റ് ദിവ്യയുടെ കലാജീവിതത്തിൽ അവിസ്മരണീയമായ മുഹൂർത്തങ്ങളാണ് എഴുതിചേർത്തത്.

സ്ക്രീനിൽ തന്റെ പ്രകടനം കണ്ട ഓരോരുത്തരും സ്നേഹപ്രകടനങ്ങളും അഭിനന്ദനങ്ങളും ആയി ചുറ്റും കൂടിയപ്പോൾ വല്ലാത്തൊരു ഊർജവും ഉന്മേഷവും ആണ് അനുഭവിച്ചത് എന്ന് പറയുമ്പോൾ പോലും ദിവ്യയുടെ വാക്കുകളിൽ ആഹ്ലാദം നിറഞ്ഞു നിന്നു.

അപ്രതീക്ഷിതമായി അനുശീലനിൽ നിന്നും ഈ റോളിലേക്ക് വിളി വന്നപ്പോൾ വല്ലാത്തൊരമ്പരപ്പ് ആണ് തോന്നിയതെന്ന് ദിവ്യ. ആദ്യമായാണ് ഇങ്ങനെ ക്യാമറക്ക് മുന്നിൽ നിൽക്കുന്നത്. അനുശീലനും സുധിയും വിപിനും ഒക്കെ പറഞ്ഞത് പോലെ ഒക്കെ ചെയ്തെങ്കിലും രണ്ട് ദിവസത്തെ ഷൂട്ടിൽ തനിക്ക് വേണ്ടി അവരൊക്കെ ഏറെ ബുദ്ധിമുട്ടിയിട്ടുണ്ട് എന്നാണ് ഇപ്പോഴും ദിവ്യയുടെ വേവലാതി.

ദിവ്യയെ കണ്ടെത്തിയതെക്കുറിച്ച് അനുശീലൻ ഓർക്കുന്നു.
"ആ ഷോർട്ട് ഫിലിം ചെയ്യുന്നതെക്കുറിച്ച് ആലോചിക്കുമ്പോൾ തന്നെ എന്റെ മനസ്സിൽ ആദ്യം വന്ന ഒരു മുഖം നായികാ കഥാപാത്രത്തിന്റേതാണ്. ഒരു നർത്തകി എന്ന നിലയിൽ ദിവ്യയുടെ മുഖത്ത് ഞാൻ കണ്ടിട്ടുള്ള ഭാവമാറ്റങ്ങളാണ് എന്നെ ദിവ്യയെക്കുറിച്ച് ചിന്തിക്കാൻ പ്രേരിപ്പിച്ച ഒരു ഘടകം. മറ്റൊന്ന് ദിവ്യ ഒരു പുതുമുഖം ആയത് കൊണ്ട് തന്നെ ഒരു സംവിധായകൻ എന്ന നിലയിൽ എനിക്ക് പൂർണമായും ദിവ്യയിലെ കഴിവുകൾ പ്രയോജനപ്പെടുത്താൻ കഴിയും എന്ന വിശ്വാസവും. എന്റെ തീരുമാനം ശരിയായി എന്ന് ബോധ്യപ്പെടുത്തുന്നതായിരുന്നു ദിവ്യയുടെ പ്രകടനം. ചില അവസരങ്ങളിൽ എന്റെ പ്രതീക്ഷകൾക്കും അപ്പുറത്തായിരുന്നു അത്".

കൂടെ അഭിനയിക്കുകയും മികച്ച നടനുള്ള അവാർഡ് കരസ്ഥമാക്കുകയും ചെയ്ത വിപിനും പറയാൻ ഏറെയുണ്ട്.

"ദിവ്യ ഉണ്ടെങ്കിലേ തിരോധാനം പൂർണമാകൂ. മൂന്ന് ദിവസം തുടർച്ചയായുള്ള ഷൂട്ടിംഗ് ഒരു ബാങ്ക് ജീവനക്കാരി, അതും ആദ്യമായി അഭിനയിക്കുന്ന ആൾ ഏറെ ബുദ്ധിമുട്ടി അത് പൂർത്തിയാക്കാൻ സഹായിക്കുക ചെറിയ കാര്യമല്ല. ചുറ്റും നടക്കുന്ന മറ്റു കാര്യങ്ങൾ ഒന്നും തന്നെ മനസ്സിലേക്ക് കടക്കാതെ തന്റെ കഥപാത്രത്തെ പൂർണമായി ഉൾക്കൊണ്ട് അത് ഭംഗിയാക്കാൻ ദിവ്യ എടുത്തിട്ടുള്ള പരിശ്രമം എടുത്ത് പറയേണ്ടതാണ്. ആ രു പറയുന്ന നിർദ്ദേശങ്ങളും ഉൾക്കൊള്ളാനും അത് സ്വാഭാവികമായി പ്രകടിപ്പിക്കാനും കഴിയുക എന്നത് ദിവ്യയിലെ നല്ലൊരു നടിയെ ആണ് പ്രതിഫലിപ്പിക്കുന്നത്. ഞങ്ങൾ ആദ്യമായി കാണുന്നവരായിട്ട് കൂടി പ്രേക്ഷകരിൽ ഏറെ കാലങ്ങളായി പരിചയമുള്ളവരെപ്പോലെ തോന്നിപ്പിക്കുന്ന രീതിയിൽ ആ കെമിസ്ട്രി പ്രതിഫലിച്ചതിൽ ദിവ്യക്കുള്ള പങ്ക് എടുത്ത് പറയേണ്ടതാണ്. തിരോധാനം എനിക്ക് നല്ല ഒരു സുഹൃത്തിനേക്കൂടിയാണ് നൽകിയത്".

വർക്ക് അറ്റ് ഹോമിൽ ഏർപ്പെട്ടിരിക്കുന്ന അമിത്, ഏരൂർ ഭവൻസിലെ പതിനൊന്നാം ക്ലാസ്സ് വിദ്യാർത്ഥിനിയായ മകൾ അർച്ചിത എന്നിവർക്കൊപ്പം പേട്ടയിൽ താമസിക്കുന്ന ദിവ്യയുടെ വലിയ ഒരാഗ്രഹം ശാസ്ത്രീയമായ നൃത്തപഠനമാണ്.
ടീബിയിൽ മാത്രമല്ല ബാങ്ക് ഡേ ആഘോഷങ്ങളിലും തന്റെ നൃത്തവുമായി എത്താറുള്ള ദിവ്യക്ക് വരും കാലങ്ങളിൽ നൃത്തവും അഭിനയവും ഒരുപോലെ മുന്നോട്ട് കൊണ്ട് പോകാൻ കഴിയട്ടെ എന്ന് ടീബി കുടുംബം ആത്മാർത്ഥമായി ആശംസിക്കുന്നു.

------------------------------------------------------------------------------------------------

തയ്യാറാക്കിയത് : അനിൽ ഉണ്ണിത്താൻ ( Anil Unnithan), Retired - സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ

English version: Arya Gayathry , State Bank of India, RBO Pathanamthitta

അവതരണം : സ്വപ്നരാജ് (Swapna Raj), സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, RASMEC കുന്നംകുളം

------------------------------------------------------------------------------------------------

For the past two years, the Frame Fiesta has been one of the main attractions and most awaited segments of the TB Meets. At the Thiruvananthapuram meet, this segment featured three short films. The third one, ‘Thirodhanam’, directed, crafted meticulously, and beautifully presented before us by our earlier TBOW Anuseelan, is still etched in the minds of everyone who watched it. The film, based on a story by Swapnaraj, was a true classic — from its concept to its execution. The heroine of this masterpiece was brought to life by a gifted performer well-known to the TB audience — a gifted dancer who has mesmerized us all with her spellbinding stage performances at several earlier TB Meets. Her portrayal in the short film was so striking that she went on to win the award for second Best Actress.

This week, we proudly present Divya Amit, the heart of that unforgettable performance, as our

Talented Banker.

Divya Amit
State Bank of India
Vyttila Branch

Divya hails from Palkulangara, Thiruvananthapuram. She is the elder child of Ranjith, who retired from LIC, and Vijayalakshmi, a homemaker. Her younger brother, Vishnu, works as an HR consultant at Technopark, Thiruvananthapuram. Divya's early schooling till the 10th grade was at Holy Angels' School, Thiruvananthapuram, after which she completed her higher secondary education at Bharatiya Vidya Bhavan. She graduated with a degree in Communicative English from All Saints' College, followed by a post-graduate degree in Personnel Management from Loyola College, Thiruvananthapuram.

Soon after completing her studies, Divya got married. Her husband, Amit, works as a medical transcriptionist with a multinational company based in Coimbatore. Following their wedding, Divya moved to Coimbatore to begin her married life.

In 2012, Divya relocated permanently to Ernakulam. The very next year, Divya cleared the State Bank of India recruitment exam and joined the bank. Her first posting was at the branch located in the Special Economic Zone (SEZ) near Infopark. She later got transferred to the Regional Office, then to Tripunithura Petta Branch, and is now part of the Vyttila Branch, where she continues to excel.

Divya's entry into TB was in 2021, when she created a sitting choreography for a song sung by our earlier TBOW, Veena Vipin. The immense appreciation she received for her work drew her closer to the TB family.

In the Kollam meet of 2022, she performed a group dance alongside TB favourites like Aswathi and Geetha Sudheer, marking her emergence as a prominent face within TB. Since then, Divya has been a vibrant and consistent presence at every TB Meet, dazzling audiences through group dance performances.

However, the Thiruvananthapuram Meet revealed a special, unforgettable milestone in Divya's artistic journey — her acting debut in Thirodhanam.

Watching herself on screen, surrounded by an audience showering her with love and heartfelt appreciation, filled her with a profound sense of energy and joy. Even as she speaks of that moment, a sparkle lights up her voice.

When Divya received an unexpected call from Anusheelan inviting her to play the lead rolein Thirodhanam, she was completely taken aback. "It was my very first time facing the camera," she recalls. "Everything was new and overwhelming. I simply followed whatever instructions Anusheelan, Sudhi, and Vipin gave me." And still, she is worried that they all had to go through a lot of trouble during those two days of shooting to help her give her best.

Anusheelan fondly remembers how he chose her for the role. “The moment I decided to make this short film, the very first face that came to my mind was Divya’s for the lead role. As a talented dancer, she possesses a rare ability to express a range of emotions through her face, which was exactly what I was looking for. Also, she was a fresh face — which meant, as a director, I could mould her performance entirely in line with the character I had envisioned. Her performance not only met my expectations but, in several moments, went far beyond them.”

Vipin, who starred alongside Divya and won the Best Actor Award, has his own words of praise: “Thirodhanam wouldn’t have been complete without Divya. Three intense days of continuous shooting — it is indeed a wonder how she handled such a huge challenge for someone like her, a full-time banker acting for the very first time. Her total dedication - completely immersing herself in the character, shutting out everything else happening around her, is commendable. She had this beautiful ability to understand every direction given to her and portray it naturally— a clear mark of a truly talented performer, a born actor! The chemistry between us felt so authentic that the audience thought we were long-time friends, when in reality, we had just met! That was mainly possible by the way she conducted herself. Thirodhanam also gave me a wonderful new friend in Divya.”

Divya lives in Petta with her husband Amit, who now works from home, and their daughter Archita, a Class 11 student at Bhavan’s, Eroor. One of Divya’s biggest dreams is to pursue formal training in classical dance. She continues to perform not just at TB Meets but also at various Bank Day celebrations, where her grace and artistry always win hearts. The TB family sincerely wishes that in the years ahead, Divya continues to grow as both a dancer and an actress, shining even brighter in both.